DESPATCHED
...26/11/21...



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
Email sic.ker@nic.in

**<u>ഹർജി നമ്പർ CP.No.1229(2)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം</u>**
**<u>File No.17600/SIC-Gen6/2015</u>**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

ശ്രീ.ജൗസി വർഗ്ഗീസ്,
കാക്കശ്ശേരി വീട്,
വടക്കാഞ്ചേരി പി.ഒ.,
തൃശ്ശൂർ – 680 582.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല,
പനങ്ങാട് പി.ഒ., കൊച്ചി – 682 506.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08/09/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30/09/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 18/11/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 18/11/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/11/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/12/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17/11/2021-കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. ജൗസി വർഗ്ഗീസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, എതിർകക്ഷി മുമ്പാകെ 150/- രൂപയുടെ ഡി.ഡി. സഹിതം സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും നൽകാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തയ്യാറായിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. യൂണിവേഴ്സിറ്റിയുടെ 5.8.2014-ലെ നോട്ടിഫിക്കേഷൻ നമ്പർ.ജി.എ.5/2339/2014 അനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ (ഫിഷ്

ബ്രീഡിംഗ്) തസ്തികയിലേയ്ക്ക് അപേക്ഷിച്ചവരിൽ നിന്നും ഡോ. ബിനു വർഗ്ഗീസ് എന്നയാളുടെ അപേക്ഷയുടെയും അപേക്ഷയൊടൊപ്പം സമർപ്പിച്ചിട്ടുള്ള വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നും

ii. അസിസ്റ്റന്റ് പ്രൊഫസർ (ഫിഷ് ബ്രീഡിംഗ്) തസ്തികയിലേയ്ക്ക് ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റും അവരുടെ ജനനതീയതി, വിദ്യാഭ്യാസയോഗ്യത, മതം, ജാതി, കാറ്റഗറി, ഇന്റർവ്യൂവിന് ലഭിച്ച മാർക്ക് എന്നീ വിവരങ്ങൾ നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 30.09.2015 തീയതി എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജൗസി വർഗ്ഗീസ് 8.9.2015-ന് നൽകിയ വിവരാവകാശ അപേക്ഷയിൻമേൽ 30.9.2015-ന് മറുപടി നൽകിയിരുന്നുവെന്നും പ്രസ്തുത അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനുത്തരമായി വിവരാവകാശ നിയമം സെക്ഷൻ 11 അനുസരിച്ച് മൂന്നാം കക്ഷി വിവരമായതിനാൽ ഡോ. ബിനു വർഗ്ഗീസിന്റെ അനുവാദം ചോദിച്ച് കത്ത് അയച്ചിട്ടുണ്ടെന്നും ആയതിന് മറുപടി കിട്ടിയാൽ വിവരം നൽകാമെന്ന് അറിയിച്ചിരുന്നതാണെന്നും എന്നാൽ ബന്ധപ്പെട്ട സെക്ഷൻ വഴി ഡോ. ബിനു വർഗ്ഗീസ്സിന്റെ മറുപടി ലഭിച്ചത് 25.11.2015-ൽ മാത്രമാണെന്നും ഡോ. ബിനു വർഗ്ഗീസ് നൽകിയ മറുപടിയിൽ അദ്ദേഹത്തിന്റെ വ്യക്തി വിവരങ്ങൾ നൽകരുതെന്നാണ് അറിയിച്ചിട്ടുള്ളതെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് 30.9.2015-ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ലെന്ന് കാണുന്നതിനാൽ സമയബന്ധിതമായി ടി മറുപടി അയച്ചു കൊടുത്തിരുന്നു എന്നു സ്ഥാപിക്കുന്ന ഡെസ്പാച്ച് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹാജരാക്കേണ്ടതാണെന്നും 30.9.2015-ന് നൽകിയ മറുപടിയിൽ അപ്പീൽ കാലാവധി, അപ്പീലധികാരിയുടെ വിലാസം, എസ്.പി.ഐ.ഒ. യുടെ പേര് എന്നീ വിവരങ്ങൾ നൽകാതെ മറുപടി നൽകിയത് വിവരാവകാശ നിയമപ്രകാരം കുറ്റകരമാണെന്നതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ വിവരാവകാശ നിയമം എതിർകക്ഷി വായിച്ച് പഠിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. ഹിയറിംഗ് വേളയിൽ എതിർകക്ഷി സീൽഡ് കവറിൽ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ടി രേഖകളിൽ അടങ്ങിയ മൂന്നാം കക്ഷി വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തരുതെന്ന് ശ്രീ. ബിനു വർഗ്ഗീസ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് വെളിപ്പെടുത്തേണ്ടതില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ ഹർജിക്കാരന് അയച്ചു കൊടുത്ത 30.9.2015-ലെ മറുപടിയുടെ പകർപ്പും ഇന്റർവ്യൂവിന് ലഭിച്ച ഉയർന്ന മാർക്ക് എത്രയായിരുന്നുവെന്നും ഹർജിക്കാരന്റെ മകൾ നിമ്മി ജൗസിയ്ക്ക് ലഭിച്ച മാർക്ക് എത്രയായിരുന്നുവെന്നുമുള്ള വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരിയെ അറിയിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us